**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** **10-08-2023 - ൽ മറുപടിയ്ക്ക്**

**നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധന മേഖലയെ ആധുനികവൽക്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യമേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനായി മറ്റ് യൂണിവേഴ്സിറ്റികളുടെ പങ്കാളിത്തത്തോടെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | മത്സ്യമേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന അന്തർദേശീയ യൂണിവേഴ്സിറ്റികളുമായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് ധാരണാ പത്രങ്ങൾ ഒപ്പിട്ടിട്ടുണ്ട് .<br><br>കുഫോസിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ നോർവേയിൽ ഉന്നത ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയച്ച് അവർക്ക് ലോകോത്തരമായ ലാബിലും മറ്റു പശ്ചാത്തല സൗകര്യങ്ങളിലും ഗവേഷണം നടത്തുവാനുമുള്ള ശ്രമങ്ങൾ തുടങ്ങി കഴിഞ്ഞു |
| (ബി) | മറ്റ് രാജ്യങ്ങളിലെ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധന മേഖലയെ ആധുനികവൽക്കരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം 'നോർവെ'യിലേക്ക് നടത്തിയ സന്ദർശനത്തെ അടിസ്ഥാനമാക്കി അവിടെയുള്ള വിവിധ സർവ്വകലാശാല കളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിക്കാൻ ധാരണയായിട്ടുണ്ട്. നൂതനമായ സാങ്കേതിക വിദ്യകൾ കേരളത്തിന് കൈമാറുന്നതിനും അതുമായി ബന്ധപ്പെട്ട് അക്കാദമിക തലത്തിലുള്ള സഹകരണങ്ങൾ നടത്തുവാനും സന്നദ്ധത അറിയിച്ചിട്ടുണ്ട്. നോർവേയിലെ ഐ.എം.ആർ, നോർഡ് യൂണിവേഴ്സിറ്റി, നാൻസെൻ റിസർച്ച് സെന്റർ, നോഫിമ, ബെർജൻ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുമായും സർവ്വകലാശാല കളുമായും ബന്ധപ്പെടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി നോഡൽ ഓഫീസർമാർ കേരളത്തിലെ മത്സ്യ- സമുദ്ര മേഖലയുടെ ഉന്നമനത്തിനായി മേൽ പറഞ്ഞ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെടുന്നതുമാകുന്നു. കൂടാതെ വിയറ്റ്നാം, ഇറ്റലി, ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളുമായും മത്സ്യ- |

| | | | |
|---|---|---|---|
| | | | സമുദ്ര രംഗത്തെ നൂതന സാങ്കേതിക വിദ്യകൾക്കായി സഹകരണം ലക്ഷ്യമിടുന്നുണ്ട്.<br><br>കഴിഞ്ഞ ബജറ്റ് പ്രഖ്യാപനത്തിൽ നോർവെയുമായി വിവിധ തരത്തിലുള്ള സഹകരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി തുക പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ സമുദ്ര ജല കൂട്ട കൃഷിക്കും, സീ ഫുഡ് പാർക്കിനും പുറമെ അക്കാഡമിക് എക്സ്ചേഞ്ചിനുമായി കേരളത്തിലെ മത്സ്യമേഖലയിൽ ഉൾപ്പെടുന്ന മുഴുവൻ സംഘടനകളെയും ഉപജീവനാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് 'കേരള ഫിഷറീസ് ഇന്നോവേഷൻ കൗൺസിൽ' (എഫ്.ഐ.സി.കെ) രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം | യൂണിവേഴ്സിറ്റി |
|---|---|
| 1 | നാഷണൽ തായ് വാൻ ഓഷ്യൻ യൂണിവേഴ്സിറ്റി (എൻ.റ്റി.ഒ.യു), കീലംങ്, തായ് വാൻ |
| 2 | ഹവാസ്സാ യൂണിവേഴ്സിറ്റി, എത്യോപ്യ |
| 3 | ബോൺമൗത്ത് യൂണിവേഴ്സിറ്റി, യു.കെ |
| 4 | നാഷണൽ ചങ് ചെങ് യൂണിവേഴ്സിറ്റി (സിസിയു), തായ് വാൻ |
| 5 | ഏഷ്യ യൂണിവേഴ്സിറ്റി (എയു) തായ് വാൻ |
| 6 | ഷു- തെ യൂണിവേഴ്സ്റ്റി (എസ്റ്റിയു), തായ് വാൻ |